(ഇ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പരസ്യയിനത്തിൽ ടൈംസ് ഓഫ് ഇൻഡ്യ ഉൾപ്പെടെയുള്ളവയ്ക്ക് 1,27,73,725 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ചെലവായിട്ടുണ്ട്.

(എഫ്) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ റ്റി.എ./ഡി.എ. ഇനത്തിൽ പ്രത്യേകം തുക കൈപ്പറ്റിയിട്ടില്ല.

സ്പോർട്സ് ക്വാട്ട നിയമനം

16 (1838) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ സ്പോർട്സ്ക്വാട്ട നിയമനം നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമനത്തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്പോർട്സ്ക്വാട്ട നിയമനം തടസ്സമില്ലാതെ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബ&സി) 2010 മുതൽ 2014 വരെയുള്ള സ്പോർട്സ്ക്വാട്ടാ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

പത്തനംതിട്ട ജില്ലയിലെ ജനസമ്പർക്ക പരിപാടി

17 (1839) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ജില്ലകൾ തോറും എത്ര തവണയാണ് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചത് ;

(ബി) പത്തനംതിട്ട ജില്ലയിൽ ഓരോ ജനസമ്പർക്ക പരിപാടിയിലും എത്ര അപേക്ഷ വീതമാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകളിന്മേൽ ഇനിയും തീരുമാനം എടുക്കാനുണ്ട്; തീരുമാനം വൈകുന്നതിന്റെ കാരണം എന്താണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ജില്ലയിൽ പുതുതായി ഏതൊക്കെ പദ്ധതികൾ ആരംഭിച്ചു ; ഇതിനായി എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ;

(ഡി) മറ്റുപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തൊക്കെയാണ് ?

ഉത്തരം

(എ) മൂന്ന് ഘട്ടങ്ങളിലായി ഓരോ ജില്ലയിലും മുന്നുതവണവീതം ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ജനസമ്പർക്ക പരിപാടികളിൽ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി യഥാക്രമം 44,199, 11,614, 21,587 പരാതികൾ ലഭിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലെ എല്ലാ അപേക്ഷകളും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. 2015-ൽ നടന്ന മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ 1,827 അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്. അവയിൽ കോടതിയുടെ പരിഗണനയിലുള്ളതും വേഗം തീർപ്പുകൽപ്പിക്കാനാകാത്തതും മറ്റുമായ അപേക്ഷകൾ ഉൾപ്പെടുന്നു.

(സി) (1) ഉണർവ് പദ്ധതി - ജില്ലയിലെ ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ആരോഗ്യം, ബോധവത്കരണം, തൊഴിൽ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പരിശീലന പരിപാടി. ഈ പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പിൽനിന്നും ആദ്യ ഘട്ടമായി 2.86 ലക്ഷം രൂപയും രണ്ടാം ഘട്ടമായി ജില്ലാ പഞ്ചായത്തിൽനിന്നും 5.65 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(2) പ്രവാസി മിത്രം - ജില്ലയിലെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതിയുടെ നടത്തിപ്പിനായി ആദ്യഘട്ടമായി 3 ലക്ഷം രൂപ കുടുംബശ്രീ മിഷനിൽനിന്നും അനുവദിച്ചിട്ടുണ്ട്

(3) എക്സ്പ്ലോർ പത്തനംതിട്ട-പദ്ധതിയുടെ ഉത്ഘാടനം നടത്തിയിട്ടുണ്ട്

(4) ജനസേവ പ്രോജക്ട് - സർക്കാർ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം ഉണ്ടാക്കുന്നതിനും സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനുമായുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഊരിൽ സ്വപ്ന വീട്, കേരള-തമിഴ്നാട് അന്തർ സംസ്ഥാന പദ്ധതി, പിൽഗ്രിം ടൂറിസം, പ്ലാസ്റ്റിക് ഫ്രീ ശബരിമല എന്നീ പദ്ധതികൾ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly